(ഡി) ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) സേവന മേഖലയിൽ പുതുതായി സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് 2004 മാർച്ചിൽ സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി—ഡി) 16-9-1995-ലെ ജി.ഒ. (പി.) 189/95/തസ്വഭവ നമ്പർ ഗവ. ഉത്തരവ് പ്രകാരമാണ് സർക്കാരിന്റെ വിവിധ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളത്. ഈവിധം കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക കാലാകാലങ്ങളിൽ സർക്കാർ ബഡ്ജറ്റിൽ വകകൊള്ളിച്ചുപോരുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നാണ് ഇപ്പോൾ നൽകിപ്പോരുന്നത്. പ്രസ്തുത ഗവ. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്.†

എയ്ഡ്സ് രോഗികൾ

*11 [11] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എയ്ഡ്സ് ബാധിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എയ്ഡ്സ് ബാധിതരെ കണ്ടെത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) എയ്ഡ്സ് രോഗികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ എന്നും എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് എയ്ഡ്സ് രോഗം പടരുന്നത് തടയാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) എയ്ഡ്സ് രോഗം ഒരു 'നോട്ടിഫയബിൾ ഡിസീസ്' അല്ല. എയ്ഡ്സ് ബാധിതരോടുള്ള അവഗണനയും ഒറ്റപ്പെടുത്തലും മൂലം രോഗബാധിതരുടെ എണ്ണം കൃത്യമായി റിപ്പോർട്ടുചെയ്യാറില്ലെങ്കിലും ഇതുവരെ 1696 എയ്ഡ്സ് രോഗികൾ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എയ്ഡ്സ് രോഗത്തിലേയ്ക്ക് നയിക്കുന്ന എച്ച്.ഐ.വി. അണുബാധയുള്ളവരുടെ എണ്ണം എഴുപതിനായിരത്തിനും ഒരു ലക്ഷത്തിനും ഇടയ്ക്കാണെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) എല്ലാ മുഖ്യ ആശുപത്രികളോടും ചികിത്സയ്ക്കായി എത്തുന്ന എയ്ഡ്സ് ബാധിതരുടെ വിവരം ലഭ്യമാക്കുവാൻ നിഷ്ക്കർഷിച്ചിട്ടുണ്ട്. എച്ച്.ഐ.വി. അണുബാധയുള്ളവരെ സൗജന്യ നിരക്കിൽ പരിശോധിച്ച് എയ്ഡ്സ് രോഗം കണ്ടുപിടിക്കുവാൻ വേണ്ടി എല്ലാ ജില്ലകളിലും വോളന്ററി ടെസ്റ്റിംഗ് ആന്റ് കൗൺസിലിംഗ് സെന്ററുകൾ (VCTC) സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ 9 ജില്ലകളിൽ ഇവ പ്രവർത്തിക്കുന്നുണ്ട്. ഈ വർഷം മുതൽ 6 മെഡിക്കൽ കോളേജുകളിലും ചികത്സയ്ക്ക് വരുന്ന ഗർഭിണികളേയും എച്ച്.ഐ.വി. പരിശോധിക്കുവാൻ നടപടി എടുത്തുവരുന്നുണ്ട്.

(സി) എയ്ഡ്സ് രോഗികളെ സമൂഹത്തിൽ ഒറ്റപ്പെടുത്തി മുഖ്യധാരയിൽ നിന്നും അകറ്റാൻ പാടില്ല എന്നാണ് ദേശീയ എയ്ഡ്സ് കൺട്രോൾ നയം അനുശാസിക്കുന്നത്. എയ്ഡ്സ് രോഗം ഉണ്ടാക്കുന്ന എച്ച്.ഐ.വി. അണുബാധ 10–15 വർഷമോ അതിലധികമോ നീണ്ടുനിൽക്കുന്നതിനാലും ആന്റി വൈറൽ മരുന്നുകൊണ്ട് ഏകദേശം സാധാരണ ജീവിതം നയിക്കുവാൻ എയ്ഡ്സ് രോഗിക്ക് കഴിയുമെന്നതിനാലും എയ്ഡ്സ് രോഗികളെ പുനരധിവസിപ്പിക്കൽ എന്ന ആശയം ഇല്ല. മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവിധ മേഖലകളിലും സാമൂഹ്യവിഭാഗങ്ങളിലും ഇടപെട്ട് എച്ച്.ഐ.വി. അണുബാധ മൂലമുണ്ടാകുന്ന എയ്ഡ്സ് രോഗ ബാധ നിയന്ത്രിക്കുന്നതിനും തടയുന്നതിനും വേണ്ടി ഇൻഡ്യാ ഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പാക്കുന്ന 'ദി സ്ട്രാറ്റജിക് പ്ലാൻ ഫോർ ദി പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് എയ്ഡ്സ് ഇൻ ഇൻഡ്യ' എന്ന സമഗ്ര പദ്ധതിയുടെ ഒന്നാം ഘട്ടം 1992 മുതൽ 1999 മാർച്ച് കാലഘട്ടത്തിൽ അവസാനിക്കുകയും രണ്ടാം ഘട്ടം 1999 ഏപ്രിൽ മാസം മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പ്രധാന പ്രവർത്തനങ്ങൾ

1. ലൈംഗിക രോഗ ചികിത്സ, ഉറ ഉപയോഗത്തിന്റെ പ്രോത്സാഹനം
2. ബോധവൽക്കരണം, രക്ത സുരക്ഷ
3. നിരീക്ഷണവും പരിശീലനവും
4. ചിലവു കുറഞ്ഞ സാമൂഹിക പരിരക്ഷ
5. സ്വകാര്യമേഖലയും പൊതുമേഖലയും ഏകീകരിച്ചുള്ള പ്രവർത്തനം
6. സ്വമേധയാ രക്ത പരിശോധനയ്ക്കും കൗൺസിലിംഗിനും വേണ്ടിയുള്ള കേന്ദ്രങ്ങൾ
7. കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്ന ചികിത്സയും മറ്റു അനുബന്ധ സഹായവും.

LIBRARY ARCHIVES Kerala Legislative Assembly